(എ) പാലക്കാട് നഗരസഭ സ്ഥാപിക്കുന്ന ഖരമാലിന്യ സംസ്കരണ ശാലയുടെ പ്രോജക്ടിന് സർക്കാരിന്റെയും ആസൂത്രണ കമ്മിഷന്റെയും അനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വ്യവസ്ഥകൾ ലംഘിച്ച് ഏതെങ്കിലും സ്വകാര്യസ്ഥാപനത്തിന് സംസ്കരണശാലയുടെ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥാപനം ഏതാണെന്ന് അറിയിക്കുമോ;

(ഡി) ഇത് സംബന്ധിച്ച ടെണ്ടറിന് ഏതൊക്കെ സ്ഥാപനങ്ങളാണ് പങ്കെടുക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന് ആസൂത്രണകമ്മിഷന്റെ അനുമതി ആവശ്യമില്ല.

(ബി)(സി)&(ഡി) പാലക്കാടു നഗരസഭയുടെ പ്രോജക്ട് Opal-CL- nug എന്ന ഖരമാലിന്യ സംസ്കരണത്തിൽ വൈദഗ്ധ്യം നേടിയ കമ്പനിയാണ് ഏറ്റെടുത്ത് നടപ്പാക്കുന്നത്. ഇതിൽ വ്യവസ്ഥകൾ ലംഘിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

126 (2282) ഇറഞ്ഞാൽ മധുരംചേരി കടവ് റോഡും പാലവും നിർമ്മാണം

ശ്രീ. ഉമ്മൻ ചാണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം നഗരസഭയും വിജയപുരം പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന മുനിസിപ്പൽ ഒന്നാം വാർഡിൽ ഇറഞ്ഞാൽ മധുരംചേരിക്കടവ് റോഡും പാലവും നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് നൽകിയത്;

(സി) ഈ വർക്ക് ടെണ്ടർ ചെയ്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിനു നടപടി സ്വീകരിക്കുമോ;

(ഇ) എത്രയുംവേഗം ഇതിന്റെ പണി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 25.11.1997-ലെ കോട്ടയം നഗരസഭ കൗൺസിൽ തീരുമാനപ്രകാരം.

(സി) ഉണ്ട്.

(ഡി) ബാധകമല്ല.

(ഇ) സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly